**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**02.04.2018 ൽ മറുപടിക്ക്**

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 6094**

# വ്യവസായ രംഗം മെച്ചപ്പെടുത്തുന്നതിനായി നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കെ. വി. വിജയദാസ്** | | **ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | ഈ സർക്കാർ വന്നശേഷം വ്യവസായ രംഗം മെച്ചപ്പെടുത്തുന്നതിനായി 2018 ഫെബ്രുവരി 28 വരെ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 വർഷത്തിൽ 11985.90 ലക്ഷം രൂപയും 2017-18 വർഷത്തിൽ ഇതുവരെ 7988.7 ലക്ഷം രൂപയും ബഡ്ജറ്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവഴിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ വിവിധ നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾക്കായി 2016-17 ൽ 122.64 കോടി രൂപയും 2017-18 ൽ അനുവദിച്ച 270 കോടി രൂപയിൽ 2018 ഫെബ്രുവരി 28 വരെ 114.64 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ 114.92 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്.<br>കിൻഫ്രയുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി 2018 ഫെബ്രുവരി 28 വരെ 86 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈത്തറി & ടെക്സ്റ്റൈൽസ് മേഖല മെച്ചപ്പെടുത്തുന്നതിനായി 114.07 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 59.3241 കോടി രൂപ കൈത്തറി മേഖലയിലും 54.7491 കോടി രൂപ യന്ത്രത്തറി/ സ്പിന്നിംഗ് മിൽ മേഖലയിലുമാണ് ചെലവഴിച്ചത്. |

| | | | |
|---|---|---|---|
| (ബി) | പുതിയതായി എത്ര വ്യവസായങ്ങൾ സംസ്ഥാനത്ത് ആരംഭിക്കുവാൻ സർക്കാർ ഇടപെടലിലൂടെ കഴിഞ്ഞിട്ടുണ്ട്; ഇതിന്റെ ഫലമായി കേരളത്തിലെ വ്യവസായരംഗത്ത് വന്നുചേർന്നിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമാണ്; | (ബി) | 2016-17 സാമ്പത്തിക വർഷത്തിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം മേഖലയിൽ 15535 പുതിയ യൂണിറ്റുകൾ തുടങ്ങുകയുണ്ടായി. അതിലൂടെ ചെറുകിട വ്യവസായ രംഗത്ത് 1227 കോടി രൂപയുടെ നിക്ഷേപം ഉണ്ടായതിനൊപ്പം 57445 തൊഴിലവസരങ്ങളും പുതിയതായി ഉണ്ടായി. 2017-18 സാമ്പത്തിക വർഷം ഫെബ്രുവരി 28 വരെ 14009 പുതിയ യൂണിറ്റുകൾ തുടങ്ങുകയുണ്ടായി. അതിലൂടെ 1111 കോടിയുടെ നിക്ഷേപവും 45638 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.<br>കെ എസ് ഐ ഡി സി മുഖേന പതിനഞ്ച് വ്യവസായ സ്ഥാപനങ്ങൾ പുതിയതായി ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ ഏകദേശം 1400 പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്. ഏകദേശം 220 കോടി രൂപയുടെ നിക്ഷേപം ഇതിലൂടെ നടത്തിയിട്ടുണ്ട്.<br>കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി 122 സംരംഭകർക്ക് ഭൂമി അനുവദിച്ചുനല്കിയിട്ടുണ്ട്. അവർ നൽകിയ പ്രൊജക്ട് റിപ്പോർട്ട് പ്രകാരം അവരുടെ സംരംഭങ്ങൾ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമ്പോൾ 116.67 കോടി രൂപയുടെ നിക്ഷേപവും 1222 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടും.<br>പരമ്പരാഗത കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധികൾ പരിഹരിച്ച് മുന്നേറുന്നതിന് കൈത്തറി നെയ്ത്തുതൊഴിലാളി സഹകരണ സംഘങ്ങൾക്കും വ്യക്തിഗത നെയ്ത്തുകാർക്കും ഹാൻവീവ് , ഹാൻടെക്സ് എന്നീ സ്ഥാപനങ്ങൾക്കും വിവിധ പദ്ധതികൾ വഴി സാമ്പത്തിക സഹായം നല്കിവരുന്നു. ഇതുവഴി കൈത്തറി മേഖല അഭിവൃദ്ധിപ്പെടുകയും തൊഴിലാളിയ്ക്ക് കൂടുതൽ തൊഴിൽ ദിനങ്ങളും വേതനവും ലഭ്യമാവുകയും ചെയ്യുന്നുണ്ട്. സ്വയംതൊഴിൽ ലഭ്യമാക്കുന്ന പദ്ധതിയിലൂടെ ഈ രംഗത്ത് പുതിയതായി 12 സംരംഭങ്ങൾ തുടങ്ങുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എന്തെല്ലാം മേജർ വ്യവസായ സംരംഭങ്ങളാണ് സർക്കാരിന് മുന്നിലുള്ളത് ;വിശദവിവരം നൽകാമോ? | (സി) | വർദ്ധിച്ചുവരുന്ന ആഭ്യന്തര ഉപയോഗം . കയറ്റുമതി സാധ്യതകൾ എന്നിവ കണക്കിലെടുത്തും ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചും ടൈറ്റാനിയം ലോഹം, ലോഹസങ്കരങ്ങൾ, അലോയികൾ, രാസവസ്തുക്കൾ, ധാതുമണലിൽ നിന്നും ലഭ്യമാവുന്ന മറ്റു ഘടകങ്ങൾ ഉപയോഗിച്ചുള്ള സംയുക്തങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് 2016 -17 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചതനുസരിച്ച് ടൈറ്റാനിയം ലോഹം ഉൾപ്പെടുന്ന ടൈറ്റാനിയം മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ ഒരു "കോംപ്ലക്സ് " സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>കെൽ, കേരള ഓട്ടോമൊബൈൽസ്, BHEL -EML Ltd. എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഇലക്ട്രിക് വാഹനങ്ങളുടെ നിർമ്മാണത്തിന്റെ സാധ്യതയും പരിശോധിക്കുന്നുണ്ട്. കേരള ഹാർഡ് വെയർ മിഷന്റെ ഭാഗമായി ഇലക്ട്രോണിക് ഹാർഡ് വെയർ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന പദ്ധതി കെൽട്രോണിന്റെ നവീകരണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്നതാണ്.<br><br>പരമ്പരാഗത മേഖലകളിൽ കൈത്തറി തൊഴിലാളികളുടെ ഉന്നമനത്തിനായി പദ്ധതികളും അതോടൊപ്പം അവരുടെ ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവ് നടത്തി വിപണനസാധ്യത ഉപയോഗപ്പെടുത്തുന്നതിന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക് നോളജിയുമായി ചേർന്ന് ബ്രാന്റിംഗിനായി ഒരു പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>കെ എസ് ഐ ഡി സി യിൽ ധനസഹായം അഭ്യർത്ഥിച്ചിട്ടുള്ള പ്രധാനപ്പെട്ട വ്യവസായസംരംഭങ്ങളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.<br><br>• 258 കിടക്കകളുള്ള ഡോ. കെ. എം . ചെറിയാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് സൂപ്പർ സ്പെഷ്യാലിറ്റി |

| | | | |
|---|---|---|---|
| | | | ഹോസ്പിറ്റൽ.<br>• കാർണിവൽ ഗ്രൂപ്പിന്റെ ഐ ടി പാർക്ക്.<br>• 104 കിടക്കകളുള്ള ബി. ആർ. എസ്. ലൈഫ് ഹോസ്പിറ്റൽ (എസ്.യു.ടി, പട്ടം).<br>അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കി വ്യവസായപാർക്കുകൾ സ്ഥാപിക്കുക എന്നതാണ് കിൻഫ്രയുടെ ലക്ഷ്യം. ഇതുപ്രകാരം കിൻഫ്ര നടപ്പിലാക്കുന്ന വ്യവസായ പാർക്കുകൾ താഴെപ്പറയുന്നവയാണ്.<br>• മെഗാഫുഡ് പാർക്ക്, പാലക്കാട്.<br>• ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം<br>• ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ്, കൊച്ചി.<br>• പെട്രോക്കെമിക്കൽ പാർക്ക്, കൊച്ചി.<br>• ഫാർമ പാർക്ക്, കൊച്ചി.<br>• കിൻഫ്ര ഫിലിം വീഡിയോ പാർക്ക്, തിരുവനന്തപുരം.<br>• അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര.<br>• കാക്കഞ്ചേരി പാർക്കിന്റെ രണ്ടാം ഘട്ടം.<br>• കൊരട്ടി പാർക്കിന്റെ രണ്ടാംഘട്ട വികസനം. |

Bindu. T

**സെക്ഷൻ ഓഫീസർ**